File No.LSGD-DD1/572/2017-LSGD

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് -ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾ നൽകുന്ന പ്ലാൻ ഫണ്ട് വിഹിതം നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു .

തദ്ദേശ സ്വയംഭരണ (ഡി .ഡി ) വകുപ്പ്

സ.ഉ.(സാധാ) നം./593/2018/ത.സ്വ.ഭ.വ          തീയതി,തിരുവനന്തപുരം, 02/03/2018

പരാമർശം:- 1. 11.09.2017 തീയതിയിലെ പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ B.1578/17 നമ്പർ കത്ത്.

2 . 19.01.2018, 23.10.2017 എന്നീ തീയതിയിലെ ഗ്രാമ വികസന കമ്മീഷണറുടെ 14747/H&T 1/17/2017/CRD നമ്പർ കത്ത്.

3. 23/11/2017 ലെ നമ്പർ 326/DB1/2017/തസ്വഭവ സർക്കുലർ.

## ഉത്തരവ്

പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 2013-14 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ IAY പദ്ധതി പ്രകാരം കരാർ വച്ച് ഭവന നിർമ്മാണം ആരംഭിച്ച 28 പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധികധന സഹായമായി 13,54,508/- രൂപ അനുവദിക്കാനുണ്ടെന്നും ടി തുക പൊന്നാനി ബ്ലോക്ക് പഞ്ചായത്തിലെ ഐ .എ .വൈ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകൾ നൽകുന്ന പ്ലാൻ ഫണ്ട് വിഹിതം നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും വിനിയോഗിക്കുന്നതിനായി അനുമതി നൽകണമെന്നും പരാമർശം 2 കത്ത് പ്രകാരം ഗ്രാമവികസന കമ്മിഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. ഐ.എ.വൈ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ അധ്യായം 5-ലെ ഖണ്ഡിക 5.8(ii) പ്രകാരം ഐ.എ.വൈ ഫണ്ട് നിക്ഷേപിക്കുന്ന അക്കൗണ്ടിൽ ലഭ്യമാകുന്ന പലിശ തുകയും പദ്ധതിയുടെ ഭാഗമായിതന്നെ കണക്കാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.എ.വൈ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ മേൽ പറയുന്ന വ്യവസ്ഥയുടെയും ഗ്രാമ വികസന കമ്മീഷണറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൽ 2013 -14 മുതൽ 2015 -16 വരെ IAY പദ്ധതി പ്രകാരം കരാർ വച്ച് വീട് നിർമ്മാണം പൂർത്തീകരിച്ച 28

ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ അധികധന സഹായമായി നൽകാനുള്ള 1354508/ - രൂപ, ഐ .എ .വൈ പദ്ധതിക്കായി ത്രിതല പഞ്ചായത്തുകൾ നൽകുന്ന പ്ലാൻ ഫണ്ട് വിഹിതം നിക്ഷേപിക്കുന്ന ബാങ്ക് (അലഹബാദ് ബാങ്ക്, എടപ്പാൾ ശാഖ) അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ തുക (3134639/- രൂപ) യിൽ നിന്ന് നൽകുവാനും പ്രസ്തുത അക്കൗണ്ടിൽ ബാക്കി വരുന്ന തുക പരാമർശ സർക്കുലറിലെ നിർദ്ദേശപ്രകാരം വിനിയോഗിക്കുവാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം
സെക്രട്ടറി , പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ഐ കെ എം , തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.03.0 14:07:08 IST
Reason: Approved
സെക്ഷൻ ഓഫീസർ